**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1809** **08-02-2023 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലയളവിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2019 കോവിഡ് കാലത്ത് സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകളാണ് നിർത്തലാക്കിയതെന്ന വിവരം നൽകുമോ; | (എ) | 2019 കോവിഡ് കാലത്ത് സമ്പൂർണ്ണ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി എല്ലാ സർവ്വീസുകളും നിന്നുപോയെങ്കിലും ദുരന്തനിവാരണ അധികാരികളുടെയും ജില്ലാ ഭരണകൂടത്തിന്റെയും ആവശ്യ പ്രകാരം ആരോഗ്യപ്രവർത്തകർക്കും പ്രവാസികൾക്കും മറ്റുമായി കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തിയിരുന്നു. |
| (ബി) | ഇതിൽ എത്ര സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും പുനരാരംഭിക്കാനുള്ളവ എത്രയാണെന്നുമുള്ള വിശദാംശം നൽകുമോ; | (ബി) | കോവിഡ് കാലത്തിന് തൊട്ട് മുൻപ് 2020 മാർച്ച് മാസം 20-ാം തീയതി വരെ ശരാശരി 4175 ബസ്സുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്. ടി സർവ്വീസുകളിൽ പലതും പുനഃക്രമീകരിച്ച് സർവ്വീസ് നടത്തിയതിനാലും കടുത്ത നഷ്ടത്തിലുള്ള സർവ്വീസുകളുടെ ട്രിപ്പുകൾ ഒഴിവാക്കി ജനോപകാരപ്രദമായ ട്രിപ്പുകൾ വിവിധ സർവ്വീസുകളിൽ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തതിനാലും ഭാഗീകമായി മാത്രമാണ് സർവ്വീസുകൾ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുള്ളത്. 2023 ജനുവരി മാസം ശരാശരി 4075 ബസ്സുകളാണ് പുനഃക്രമീകരണത്തിലൂടെ ഓപ്പറേറ്റ് ചെയ്തു വരുന്നത്. ഇതിൽ നിന്നും ശരാശരി 100 ബസ്സുകൾ ആണ് കുറവായി നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്നത്.<br><br>യാത്രാസൗകര്യം കൂടിവരുന്ന മുറയ്ക്ക് നഷ്ടത്തിലായിരുന്നതും ഇപ്പോൾ ഗുണകരവുമായ സർവ്വീസുകൾ ആരംഭിച്ച് വരികയാണ്. എന്നാൽ കടുത്തനഷ്ടത്തിൽ നിന്നുപോയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സർവ്വീസുകൾ നിർത്തലാക്കിയതിനാൽ പൊതുജനത്തിന് ഉണ്ടാകുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | കോവിഡ് കാലത്തിന് തൊട്ട് മുൻപ് 2020 മാർച്ച് മാസം 20-ാം തീയതി വരെ ശരാശരി 4175 ബസ്സുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്. ടി സർവ്വീസുകളിൽ പലതും പുനഃക്രമീകരിച്ച് സർവ്വീസ് നടത്തിയതിനാലും കടുത്ത നഷ്ടത്തിലുള്ള സർവ്വീസുകളുടെ ട്രിപ്പുകൾ ഒഴിവാക്കി ജനോപകാരപ്രദമായ ട്രിപ്പുകൾ വിവിധ സർവ്വീസുകളിൽ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തതിനാലും ഭാഗീകമായി മാത്രമാണ് സർവ്വീസുകൾ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുള്ളത്. 2023 ജനുവരി മാസം ശരാശരി 4075 ബസ്സുകളാണ് പുനഃക്രമീകരണത്തിലൂടെ ഓപ്പറേറ്റ് ചെയ്തു വരുന്നത്. ഇതിൽ നിന്നും ശരാശരി 100 ബസ്സുകൾ ആണ് കുറവായി നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്നത്.<br><br>യാത്രാസൗകര്യം കൂടിവരുന്ന മുറയ്ക്ക് നഷ്ടത്തിലായിരുന്നതും ഇപ്പോൾ ഗുണകരവുമായ സർവ്വീസുകൾ ആരംഭിച്ച് വരികയാണ്. എന്നാൽ കടുത്തനഷ്ടത്തിൽ നിന്നുപോയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താവുന്നതാണ്. |
| (ഡി) | തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല, പൂവ്വാർ, നെയ്യാറ്റിൻകര എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന എത്ര അന്തർസംസ്ഥാന ബസ് സർവ്വീസുകൾ ഇക്കാലയളവിൽ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (ഡി) | നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും 5 അന്തർസംസ്ഥാന സർവ്വീസുകൾ നിന്നുപോയിട്ടുണ്ട്. |
| (ഇ) | തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള എത്ര അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും പുനരാരംഭിക്കാനുള്ളവ എത്രയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ; | (ഇ) | പാപ്പനംകോട് ഡിപ്പോയിൽ നിന്നും 9 സർവ്വീസുകൾ പുനരാരംഭിക്കുകയും രണ്ട് എണ്ണം പുനലൂർ ഡിപ്പോയിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും നിന്നുപോയ 4 അന്തർ സംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുകയും ഒരു സർവ്വീസ് 07.2.2023 മുതൽ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | നിർത്തലാക്കിയ അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുവാൻ കഴിയുമോയെന്ന് അറിയിക്കുമോ? | (എഫ്) | നിന്നുപോയ അന്തർസംസ്ഥാന സർവ്വീസുകൾ ക്രമാനുസൃതമായി പുനഃക്രമീകരിക്കുകയും യാത്രാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് പുനരാരംഭിക്കുകയും ചെയ്തു വരുന്നുണ്ട്. യാത്രാവശ്യം തീരെ ഇല്ലാത്തവ ഒഴികെ ഇതുവരെ ആരംഭിക്കാത്തതും അന്തർസംസ്ഥാന കരാറിലുള്ളതുമായ സർവ്വീസുകൾ ഡിമാന്റ് |

| | | | |
|---|---|---|---|
| | | | വന്നുകൊണ്ടിരിക്കുന്നതിനനുസരിച്ച് ആരംഭിക്കുകയും ചെയ്യ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ